അല്ലെങ്കിൽ

ബി-ടെക്/ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് അല്ലെങ്കിൽ ഇലക്ട്രോണിക് ഡാറ്റാ പ്രോസസിംഗിലും കമ്പ്യൂട്ടർ ആപ്ലിക്കേഷനിലുമുള്ള ബിരുദം

അല്ലെങ്കിൽ

60 ശതമാനത്തിൽ കൂടുതൽ മാർക്കോടുകൂടിയ ബിരുദത്തോടൊപ്പം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി നടത്തുന്ന ഒരു വർഷ പി.ജി.ഡി.സി.എ./പി.ഡി.എസ്.ഇ. കോഴ്സ്

അല്ലെങ്കിൽ

ഐ.എച്ച്.ആർ.ഡി/സി.-ഡിറ്റ് നടത്തുന്ന ഒരു വർഷത്തെ പി.ജി.ഡി.സി.എ./ പി.ഡി.എസ്.ഇ. കോഴ്സ്

ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് നൽകുന്ന പ്രതിമാസ വേതനം 13,500 രൂപയാണ്.

(ബി) 10-2-2016-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27-ാം നമ്പർ തീരുമാനപ്രകാരം തദ്ദേശസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി (31-3-2017 വരെ) ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട്.

ഇവരുടെ സേവന വേതന നിരക്കുകൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ടെക്നിക്കൽ അസിസ്റ്റന്റുമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

മുക്കം മുസ്ലിം ഓർഫനേജിന് ലഭിച്ച വിദേശ ധനസഹായം

211 (3051) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഗ്രാന്റ് ഇൻ എയ്ഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും എന്നാൽ മുക്കം മുസ്ലിം ഓർഫനേജ് വിദേശ ധനസഹായം ചെലവഴിക്കുന്നത് സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരാമർശം ഉണ്ടായിട്ടുണ്ടോ; ഗ്രാന്റ്-ഇൻ-എയ്ഡ് ചട്ടത്തിൽ ഭേദഗതി വരുത്തി സ്ഥാപനത്തിന് ഗ്രാന്റ് നൽകുവാനുള്ള അർഹത സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശയിന്മേൽ എന്ത നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഉണ്ട്, മുക്കം മുസ്ലീം ഓർഫനേജിന് വിദേശ ധനസഹായം ലഭിച്ചതു സംബന്ധിച്ചും ഗ്രാന്റ് അനുവദിക്കുന്നതു സംബന്ധിച്ചും ഗ്രാന്റ് അർഹത സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്.

മേൽ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

രോഗികൾക്ക് സൗജന്യ ഭക്ഷണം

212 (3052) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് സൗജന്യമായി ഭക്ഷണം നൽകാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന "വിശപ്പുരഹിത നഗരം പദ്ധതി" കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലുള്ള ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗികളും അവരുടെ കൂട്ടിരുപ്പുകാരും പലപ്പോഴും സാമ്പത്തിക പരാധീനതകളാൽ ഭക്ഷണം കഴിക്കാതെ വിശന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായിട്ടുണ്ട്. ഇവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) വിശപ്പുരഹിതനഗരം പദ്ധതി കോഴിക്കോട് നഗരത്തിൽ 26-1-2009 മുതലും മലപ്പുറം നഗരത്തിൽ 23-11-2012 മുതലും കൊല്ലം നഗരത്തിൽ 1-1-2013 മുതലും തിരുവനന്തപുരം നഗരത്തിൽ 30-4-2013 മുതലും നടപ്പാക്കിവരുന്നു. കോഴിക്കോട് 2500 പേർക്കും മലപ്പുറത്ത് 500 പേർക്കും കൊല്ലത്ത് 1000 പേർക്കും തിരുവനന്തപുരത്ത് 2000 പേർക്കും നൽകുന്നതുൾപ്പെടെ ആകെ 6000 പേർക്ക് പ്രതിദിനം ഭക്ഷണം നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly